(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി നിത്യേന കർശന വാഹനപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓവർസ്പീഡ്, ഓവർലോഡ്, ലൈസൻസ് ഇല്ലാതെയുള്ള വാഹനം ഓടിക്കൽ, അശ്രദ്ധമായ് വാഹനം ഓടിക്കൽ എന്നിവ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

53 [827] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-9-2003-ൽ നിലവിൽവന്ന കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ നിയമനത്തിനുള്ള പി. എസ്. സി.യുടെ റാങ്ക്ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ ഒഴിവുള്ള വേക്കൻസികൾ പി. എസ്. സി.യെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടും യഥാസമയം ഒഴിവുകൾ ബന്ധപ്പെട്ടവർ പി. എസ്. സി.യെ അറിയിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ലിസ്റ്റിൽനിന്നും 340 പേർക്ക് നിയമനം നൽകി.

(ബി, സി) ഈ തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം പി. എസ്. സി.യെ അറിയിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതി

54 [828] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതിയും ക്രമക്കേടും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഉദ്യോഗസ്ഥ തലത്തിൽ അഴിമതി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിലെ പ്രധാന തസ്തികകളിൽ പലതിലും വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻമാരാണ് ഇരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉദ്യോഗസ്ഥൻമാരുടെ അഴിമതി സംബന്ധിച്ച് വിവിധ ഡിപ്പാർട്ട്മെന്റുകളിൽ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടുകളിൽ സർക്കാർ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉദ്യോഗസ്ഥതലത്തിൽ നടന്നുവരുന്ന അഴിമതിയും ക്രമക്കേടും തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി കൂടുതൽ വാഹനങ്ങൾ അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, മൊബൈൽ ഫോണുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കംചെന്ന വിജിലൻസ് കേസുകളുടെയും വിജിലൻസ് അന്വേഷണങ്ങളുടെയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പ് സംസ്ഥാനവ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്ന് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയതായി രണ്ട് പ്രത്യേക കോടതികൾകൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി, പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ച് പ്രസ്തുത ഉദ്യോഗസ്ഥന്മാരെ വിജിലൻസ് വകുപ്പ് നിരന്തരം നിരീക്ഷിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനർട്ട് പർച്ചേസിലെ ക്രമക്കേടുകളും വിജിലൻസ് അന്വേഷണവും

55 [T 829] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് നടത്തിയിട്ടുള്ള പർച്ചേസിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly